# ശബരിമല വാർത്താക്കുറിപ്പ്

# 18.12.2024

**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

## കാനനപാതയിലൂടെ ദർശനത്തിന് എത്തുന്ന അയ്യപ്പഭക്തർക്ക് പ്രത്യേകം പാസ്സ്

കാനനപാതയിലൂടെ കാൽനടയായി ശബരിമല ദർശനത്തിനായി എത്തുന്ന അയ്യപ്പഭക്തർക്ക് ദർശനത്തിന് പ്രത്യേകം പാസ് നൽകാൻ തീരുമാനമായി. എരുമേലി മുതൽ പമ്പ വരെ 30 കിലോമീറ്റർ ഓളം കാനനപാതയിലൂടെ വരുന്നവർക്കാണ് പാസ് നൽകുന്നത്. മുക്കുഴിയിൽ നിന്ന് ലഭിക്കുന്ന എൻട്രി പാസ്സുമായി പുതുശ്ശേരി താവളത്തിൽ നിന്ന് സീൽ വാങ്ങി തുടർന്ന് വലിയാനവട്ടം താവളത്തിൽ നിന്ന് എക്സിറ്റ് സീൽ വാങ്ങി മരക്കൂട്ടത്ത് എത്തുന്ന ഭക്തരെ ക്യൂ നിൽക്കാതെ ദർശനം അനുവദിക്കുന്നതിനു വേണ്ടിയാണ് പാസ് സമ്പ്രദായം ഏർപ്പെടുത്തിയത്. വനം വകുപ്പാണ് പാസ് നൽകുന്നത്. ഇന്ന് മുതൽ പ്രത്യേക പാസ്സ് ഭക്തജനങ്ങൾക്ക് ലഭ്യമാകും. രാവിലെ മുക്കുഴിയിൽ നടന്ന ചടങ്ങിൽ ശബരിമല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഡോ അരുൺ എസ് നായർ പാസ് വിതരണത്തിന്റെ ഉദ്ഘാടനം നടത്തി. പമ്പ റേഞ്ച് ഫോറസ്റ്റ് ഓഫീസർ മുകേഷ് എം കെ, മുക്കുഴി ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസ് ജയപ്രകാശ് കെ സാപ്പ് ഇ.ഡി സി ചെയർമാൻ ജോഷി മറ്റ് ഉദ്യോഗസ്ഥർ ക്ഷേത്ര ഭാരവാഹികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## വിശുദ്ധി സേനയുടെ കരങ്ങളിൽ പവിത്രമീ ശബരിമല

പവിത്രംശബരിമലയെ ശുദ്ധിയോടെ ശുചീകരിച്ചു സംരക്ഷിക്കുന്നത് വിശുദ്ധാ സേനാംഗങ്ങൾ ആണ്. സന്നിധാനം, പമ്പ ,നിലയ്ക്കൽ, പന്തളം, കുളനട എന്നിവിടങ്ങളിലായി ആയിരം വിശുദ്ധി സേനാംഗങ്ങൾ ആണ് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് .രണ്ട് ഷിഫ്റ്റുകളിലായി രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെയും വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണി വരെയും ആണ് സേനാംഗങ്ങൾ ശുചീകരണം നടത്തുന്നത്. സന്നിധാനത്ത് 300 സേനാംഗങ്ങൾ ആണ് വൃത്തിയാക്കുന്നത്. ശുചീകരണ ഉപകരണങ്ങൾ, തിരിച്ചറിയൽ കാർഡ്,കയ്യുറകൾ, ജാക്കറ്റ്, ഉൾപ്പെടെ ഇവർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

അടൂർ ആർഡിഒ സെക്രട്ടറിയായ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ ഭാഗമായാണ് ഇവരുടെ പ്രവർത്തനം. ശബരിമല തീർത്ഥാടനത്തിന്റെ മേൽനോട്ട ചുമതല വഹിക്കുന്ന ശബരിമല എഡിഎം വിശുദ്ധിസേനയുടെയും മേൽനോട്ടം നിർവഹിക്കുന്നു. ശബരിമല ഡ്യൂട്ടി മജിസ്ട്രേറ്റ് മനോജിന്റെ നിയന്ത്രണത്തിലാണ് വിശുദ്ധി സേനയുടെ പ്രവർത്തനം .

സ്വാമി അയ്യപ്പൻറെ പവിത്രമായ പൂങ്കാവനം വൃത്തിയോടെ കാത്തുസൂക്ഷിക്കുന്നതിൽവിശുദ്ധി സേനയുടെ പ്രവർത്തനം ഏറ്റവും മികച്ചതാണെന്ന് തീർത്ഥാടനത്തിന് എത്തുന്ന വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പഭക്തരും വ്യക്തമാക്കുന്നു. ദിവസേന തീർത്ഥാടനത്തിന് വരുന്ന 90000ത്തോളം അയ്യപ്പഭക്തർക്ക് വൃത്തിയുള്ള അന്തരീക്ഷത്തിൽ പതിനെട്ടാം പടി കയറാൻ അവസരം ഒരുക്കുന്നതും ഇവരുടെ സേവനമാണ്.

സന്നിധാനം ,അപ്പാച്ചിമേട്, ശരംകുത്തി, സ്വാമി അയ്യപ്പൻ റോഡ് ,നടപ്പന്തൽ, തിരുമുറ്റം, ഭസ്മക്കുളം ,പാണ്ടിത്താവളം, ഗസ്റ്റ് ഹൗസ്, ബ്രയിലി ബ്രിഡ്ജ് എന്നിവിടങ്ങളിലാണ് 17 സെഗ്മെന്റുകളിലായി സന്നിധാന പരിസരത്തും ശുചീകരണം നടത്തുന്നതെന്ന് സന്നിധാനംവിശുദ്ധി ടീം ലീഡറായ രാമലിംഗം പറഞ്ഞു സേലം മധുരൈ ,കള്ളൈകുറിച്ചി എന്നിവിടങ്ങളിൽ നിന്നുള്ള പ്രവർത്തകരാണ് വിശുദ്ധി സേനയിൽ ഉള്ളത്.

ശേഖരിക്കുന്ന മാലിന്യങ്ങൾ അഞ്ച് ട്രാക്ടറുകളിലായി പാണ്ടിത്താവളം ഇൻസിനേറ്ററിൽ എത്തിച്ചാണ് സംസ്കരിക്കുന്നത്. 17 സെഗ്മെന്റുകളിലായി 17 സൂപ്പർവൈസർമാരും 5 ട്രാക്ടറുകളുടെ ഒരു സൂപ്പർവൈസറും ഉൾപ്പെടെ 18 സൂപ്പർവൈസർമാരെയും നിയോഗിച്ചിട്ടുണ്ട് സേലം സ്വദേശി കെ രാജുവാണ് ആയിരം വിശുദ്ധി സേനാംഗങ്ങളുടെയും ലീഡർ. രാജു പമ്പ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. സന്നിധാനം 300 പമ്പ 220 നിലക്കൽ 450 പന്തളം 30 എന്നിങ്ങനെയാണ് വിശുദ്ധ സേന പ്രവർത്തകരെ നിയോഗിച്ചിട്ടുള്ളത്. ഭക്തർ വിരിവെക്കുന്ന ഇടങ്ങളിലെല്ലാം സമയാസമയം തന്നെ വൃത്തിയാക്കി ശുചീകരിക്കുന്നുണ്ടെന്ന് ടീം ലീഡർ പറഞ്ഞു.

## വിശുദ്ധി സേന 18 റീച്ചുകളിൽ മേൽനോട്ടം സർക്കാർ ഉദ്യോഗസ്ഥർക്ക്

സന്നിധാനത്ത് ചരൽമേട് മുതൽ മരക്കൂട്ടം വരെ 18 റീച്ചുകളിലായി വിശുദ്ധി സേനയുടെ ശുചീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥരാണ്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി സർക്കാർ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയതോടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി. ശുചീകരണ പ്രവർത്തനങ്ങൾക്ക് ഡ്യൂട്ടി മജിസ്ട്രേറ്റ് ഏകോപനം നിർവഹിക്കുന്നു. ശബരിമല എഡിഎമ്മിന്റെ നിയന്ത്രണത്തിലാണ് വിശുദ്ധ സേനയുടെയും പ്രവർത്തനം. മണ്ഡലം വിളക്ക് മഹോത്സവകാലത്ത് സന്നിധാനവും പരിസരവും വൃത്തിയുടെ സൂക്ഷിക്കാൻ കഴിഞ്ഞത് എഡിഎമ്മിന്റെ നിർദ്ദേശങ്ങളുടെയും വിവിധ സർക്കാർ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിന്റെയും ഫലമായാണെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് കെ മനോജ് പറഞ്ഞു. സൂപ്പർവൈസർമാരായ സർക്കാർ ഉദ്യോഗസ്ഥരുടെ കീഴിൽ പത്തും ഇരുപതും വിശുദ്ധി സേന പ്രവർത്തകരാണ് ശുചീകരണ ജോലികളിൽ ഏർപ്പെടുന്നത്. മുൻകാലങ്ങളിൽ വിശുദ്ധ സേനാംഗങ്ങൾ തന്നെയാണ് മേൽനോട്ടം നടത്തിയിരുന്നത്.

## ശബരീശന് കളഭാഭിഷേകം

ഉച്ചപൂജയോട് അനുബന്ധിച്ച് നടക്കുന്ന കളഭാഭിഷേകം ശബരിമല ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളിൽ ഒന്നാണ്. ആഘോഷമായി ക്ഷേത്രത്തിന് വലം വച്ച് ശ്രീലകത്ത് എത്തിക്കുന്ന കളഭ കലശം തന്ത്രിയുടെയും മേൽശാന്തിയുടെയും കാർമികത്വത്തിലാണ് അയ്യപ്പ സ്വാമിക്കു അഭിഷേകം ചെയ്യുന്നത്. കളഭം കിഴക്കേ മണ്ഡപത്തിൽ പൂജിച്ച് കളഭകലശം ക്ഷേത്രത്തിന് വലം വച്ച് തന്ത്രി കണ്ഠര് ബ്രഹ്മദത്തൻ മേൽശാന്തി എസ് അരുൺകുമാർ നമ്പൂതിരി എന്നിവരുടെ കാർമികത്വത്തിൽ അയ്യപ്പസ്വാമിക്ക് അഭിഷേകം ചെയ്തു. 38400 രൂപയാണ് കളഭാഭിഷേകത്തിനുള്ള വഴിപാട് തുക .സന്നിധാനത്തെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലാണ് വഴിപാട് തുക അടയ്ക്കേണ്ടത്.

## പ്രത്യേക പാസുമായി കാനന പാതയിലൂടെ വന്ന ആദ്യ സംഘത്തെ സ്വീകരിച്ചു

അയ്യനെ കാണാൻ എരുമേലിയിൽ നിന്ന് കാനന പാതയിലൂടെ വരുന്നവർക്ക് വനം വകുപ്പ് അനുവദിച്ച പ്രത്യേക പാസുമായി എത്തിയ ആദ്യ സംഘത്തെ നടപ്പന്തലിൽസ്വീകരിച്ചു. ആറംഗ സംഘമാണ് ബുധനാഴ്ച രാവിലെ ഏഴിന് മുക്കുഴിയിൽ നിന്ന് പാസുമായി

35–ഓളം കിലോമീറ്ററുകൾ നടന്ന് വൈകിട്ട് മൂന്ന് മണിയോടെ നടപ്പന്തലിൽ എത്തിയത്. പതിനെട്ടാം പടിയ്ക്ക് സമീപം എഡിഎം അരുൺ എസ് നായർ, സന്നിധാനം സ്പെഷ്യൽ ഓഫീസർ ബി കൃഷ്ണകുമാർ എന്നിവരുടെ നേതൃത്വത്തിൽ സംഘത്തെ ഷാൾ അണിയിച്ച് സ്വീകരിച്ചു. തീർത്ഥാടകരിൽ അഞ്ച് പേർ കോഴിക്കോട്, നരിക്കാട്ടേരി സ്വദേശികളും ഒരാൾ കണ്ണൂരുകാരനുമാണ്.

സത്രം വഴി കാനന പാതയിലൂടെ നടന്നു വരുന്നവർക്ക് വരി ഒഴിവാക്കി നേരെ പതിനെട്ടാംപടി വഴി ദർശനം അനുവദിക്കുന്ന സംവിധാനം നേരത്തെ ഉണ്ടായിരുന്നു. ഇതാണ് ഇപ്പോൾ എരുമേലി വഴി വരുന്നവർക്ക് കൂടി ലഭ്യമാക്കിയത്. പുതിയ പാസ് സംവിധാനം വലിയ അനുഗ്രഹമാണെന്ന് പാസുമായി എത്തിയ തീർത്ഥാടകർ പറഞ്ഞു.

## കാനനപാതയിലൂടെ വരുന്ന തീർത്ഥാടകർക്ക് പ്രത്യേക പാസ് ഉപകാരപ്രദമാകും എഡിഎം

"എരുമേലി വഴി കിലോമീറ്ററുകൾ താണ്ടി വരുന്നവർക്കും പ്രത്യേക പരിഗണന വേണമെന്ന നിർദ്ദേശം ദേവസ്വം മന്ത്രി, ദേവസ്വം ബോർഡ് എന്നിവരുടെ മുൻപാകെ കുറച്ചുകാലമായി ഉണ്ടായിരുന്നു. ദിവസങ്ങൾക്ക് മുമ്പ് ചേർന്ന ഉന്നതതല യോഗം ഇത് ചർച്ച ചെയ്തു. മന്ത്രിയുടെയും ബോർഡിന്റെയും വിവിധ വകുപ്പുകളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എരുമേലി വഴി വരുന്നവർക്കും പാസ് അനുവദിച്ചത്.
ഇവർക്ക് പരമ്പരാഗത പാത ഒഴിവാക്കി നടപ്പന്തലിൽ എത്തി, അവിടെയുള്ള വരിയും ഒഴിവാക്കി നേരെ പതിനെട്ടാംപടി കയറി ദർശനം നടത്താം," എഡിഎം പറഞ്ഞു.

ഡ്യൂട്ടി മജിസ്ട്രേറ്റ് കെ മനോജ്, ഫോറസ്റ്റ് കൺട്രോൾ റൂം റേഞ്ച് ഓഫീസർ ജി എസ് രഞ്ജിത്ത്, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ വി ആർ രാജീവ്, പോലീസ് ഇൻസ്പെക്ടർ പി അനിൽകുമാർ എന്നിവരും സ്ഥലത്തുണ്ടായിരുന്നു.